പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-3391 25-06-2012-ൽ മറുപടിക്ക്

## വിധിന്യായങ്ങൾ തർജ്ജമ ചെയ്ത് ലഭ്യമാക്കാൻ നടപടി

ചോദ്യം

ശ്രീ. എ.എ.അസീസ്

ഉത്തരം

ശ്രീ.കെ.എം. മാണി

(ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാന ഹൈക്കോടതിയിലേയും സുപ്രീം കോടതിയിലേയും വിധിന്യായങ്ങൾ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതൊക്കെ തരം വിധിന്യായങ്ങളാണ് തർജ്ജമ ചെയ്യുകയെന്നും അതിനുള്ള ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ; | വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രീംകോടതി വിധിന്യായങ്ങളും ഹൈക്കോടതി വിധിന്യായങ്ങളും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.<br>02-03-2012-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 78/2012/നിയമം നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ നിയമ (ഔദ്യോഗിക ഭാഷാ-പ്രസിദ്ധീകരണ സെൽ) വകുപ്പിനാണ് അതിന്റെ ചുമതല. |
| (സി) | തർജ്ജമ ചെയ്ത വിധിന്യായങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | തർജ്ജമ ചെയ്ത വിധിന്യായങ്ങൾ ഉൾപ്പെടുത്തി ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. അതോടൊപ്പം നിയമവകുപ്പിന്റെ വെബ് സൈറ്റിലും അത് ലഭ്യമാക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ